**No. PL 1/2021** **11-02-2021**

# സർക്കുലർ

## ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, പ്രിയ വിശ്വാസികളെ,

നമ്മുടെ വിശ്വാസ ജീവിതയാത്രയിലെ പ്രധാനപ്പെട്ട നവീകരണസാധ്യതയായ വലിയനോമ്പ് നാം ആരംഭിക്കുകയാണല്ലോ. നമ്മുടെ രക്ഷകനും ദൈവവുമായ ക്രിസ്തുനാഥൻറെ രക്ഷാകരരഹസ്യങ്ങളുടെ സജീവമായ അനുസ്മരണവും ആഘോഷവും നമ്മെ അനുതാപത്തിലേക്കും വ്യക്തിപരമായ ജീവിതനവീകരണത്തിലേക്കും പ്രത്യേകമായി ക്ഷണിക്കുന്ന ഒരു കാലഘട്ടമാണിത്. കൂടുതൽ ജീവിതഗന്ധിയായ പ്രാർത്ഥനാനുഭവത്തിലൂടെയും നിസ്വാർത്ഥസ്നേഹത്തിൽനിന്നുതിരുന്ന പരിത്യാഗപ്രവർത്തനങ്ങളിലൂടെയും ഉദാത്തമായ ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും കാതലായ നവീകരണാനുഭവം സ്വന്തമാക്കുവാൻ നമുക്ക് സാധിക്കണം. നമ്മുടെ സാധാരണ ജീവിതത്തിലെ ചെറുതും വലുതുമായ പാപാഭിമുഖ്യ ങ്ങളും പാപപ്രവർത്തികളും വഴി നമ്മുടെ ഉള്ളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നമ്മുടെ ആത്മാവിനെ വികൃതമാക്കുന്നു. ദൈവസ്നേഹധ്യാനംവഴി, സ്നേഹത്തിനായുള്ള ബോധപൂർവ്വമായ നിലപാടുകളും പ്രവർത്തനങ്ങളുംവഴി, സ്നേഹം അനുശാസിക്കുന്ന ത്യാഗങ്ങളും സമർപ്പണങ്ങളുംവഴി മാത്രമേ ഈ മാലിന്യങ്ങളെ ദൂരീകരിക്കുവാനും പുതിയ മനുഷ്യരായി തീരുവാനും നമുക്ക് സാധിക്കൂ. ഇപ്രകാരം നിരന്തരം ജീവിതത്തിൻറെ പുതുമ ഉൾക്കൊള്ളുവാനുള്ള ശക്തമായ ആഹ്വാനമാണ് ക്രിസ്തുനാഥൻറെ ഉയിർപ്പുതിരുനാൾ നമുക്ക് നൽകുന്നത്. ഈ നോമ്പുകാലം, നിരന്തരം പരിവർത്തനവിധേയമാകുന്നജീവിതം സമ്മാനിക്കുന്ന നവീനത അനുഭവിക്കുവാൻ നമ്മെ പ്രാപ്തരാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

2021 ഫെബ്രുവരി മൂന്നാം തീയതി ചരിത്രപരമായ ഒരു സർക്കാർതല തീരുമാനത്തിനാണ് നാം കാതോർത്ത് - സംവരണാനുകൂല്യം ഇല്ലാത്ത നാടാർ സമൂഹത്തിൽപെട്ട എല്ലാ ക്രിസ്ത്യാനികളെയും ഒബിസി ഗണത്തിൽപ്പെടുത്തി എന്ന തീരുമാനം. അനേക വർഷങ്ങളായി നാം അനുഭവിച്ചിരുന്ന സാമൂഹികമായ ഒരു നീതി നിഷേധത്തിന് വിരാമമിട്ടുകൊണ്ടാണ് ഈ തീരുമാനം വന്നത്. ഇപ്രകാരം ഒരു തീരുമാനത്തിന് സന്നദ്ധമായ സർക്കാരിനോട് നമുക്ക് നന്ദിയും കടപ്പാടും ഉണ്ട്.

ചരിത്രപരമായ ഈ നേട്ടത്തിന്, വിവിധ ക്രൈസ്തവ സഭാ സമൂഹങ്ങളിൽ ഉൾപ്പെട്ട അനേകം പേർക്ക് ഉപകരിക്കുന്ന ഈ തീരുമാനം നേടിയെടുക്കുന്നതിന്, മലങ്കര കത്തോലിക്കാ സഭ നിർവഹിച്ച പങ്ക് ഒരിക്കലും വിസ്മരിക്കാനാവില്ല. നമ്മുടെ സഭയുടെ പ്രഥമ കാതോലിക്കാബാവ അഭിവന്ദ്യ സിറിൽ ബസേലിയോസ് പിതാവ് ദീർഘവീക്ഷണത്തോടെ ഇതിനായി ആരംഭിച്ച സഹനസമരം, മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ തിരുവനന്തപുരത്ത് തൻറെ ശുശ്രൂഷ ആരംഭിച്ച നാൾ മുതൽ നെഞ്ചിലേറ്റി, അതിനായി അക്ഷീണം പരിശ്രമിച്ചു. അഭിവന്ദ്യ ബാവാതിരുമേനിയുടെ സഭാപരമായ പ്രഥമ പരിഗണനയും സമർപ്പണവും ഈയൊരു വിഷയത്തിൽ ആയിരുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ല. തനിക്ക് സാധ്യമായിരുന്ന എല്ലാ സാഹചര്യങ്ങളും സ്വാധീനങ്ങളും ബന്ധങ്ങളും വളരെ ദീർഘവീക്ഷണത്തോടെ പിതാവ് ഇതിനായി വിനിയോഗിച്ചു. ഇത്തരുണത്തിൽ അഭിവന്ദ്യ ബാവാതിരുമേനിയോട് പാറശാല ഭദ്രാസനത്തിൻറെ പേരിലുള്ള ആത്മാർത്ഥമായ സ്നേഹവും നന്ദിയും കടപ്പാടും പ്രകടിപ്പിക്കുന്നു. അതോടൊപ്പം നമ്മുടെ ഇടയിൽ നിന്ന് പല വൈദികരും ധാരാളം അല്മായ വിശ്വാസികളും ഈയൊരു നിയോഗസാക്ഷാത്കാരത്തിനായി പ്രവർത്തിച്ചിട്ടുണ്ട്. അതിൽ, നമ്മുടെ ഭദ്രാസനത്തിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ആയി ഇപ്പോൾ ശുശ്രൂഷിക്കുന്ന ബഹുമാനപ്പെട്ട പൗലോസ് സാറിൻറെ നേതൃത്വത്തെയും ത്യാഗപൂർണമായ സേവനത്തെയും നന്ദിയോടെ ഓർക്കുന്നു.

ചരിത്രപരമായ ഈ നേട്ടത്തിന് സാമൂഹികവും സഭാപരവുമായ പല മാനങ്ങളുമുണ്ട്. നാടാർ സമുദായാംഗങ്ങളായ നമ്മുടെ സഭാംഗങ്ങളുടെ തുടർന്നുള്ള ജീവിതത്തെ വളരെ ഗൗരവമായി സ്വാധീനിക്കുന്ന ഒരു തീരുമാനമാണിത്. പതിറ്റാണ്ടുകളായി തുടർന്നുവന്ന ഒരു നീതിനിഷേധത്തിൻറെ പേരിൽ, സമർത്ഥരായ നമ്മുടെ കുട്ടികളും ചെറുപ്പക്കാരും അഭ്യസ്തവിദ്യരും അവർക്ക് ലഭിക്കേണ്ട ന്യായമായ പഠന, ജോലി സാധ്യതകൾ, അവർക്ക് നിരസിക്കപ്പെട്ടിരുന്ന ഒരു നിസ്സഹായാവസ്ഥയിൽ ആയിരുന്നല്ലോ. ആ അവസ്ഥയിൽനിന്നും, ദൈവം തങ്ങൾക്കു നൽകുന്ന സിദ്ധികളും സാധ്യതകളും, തങ്ങളുടെ കഠിനാധ്വാനത്തോടും സമർപ്പണത്തോടും ചേർത്ത് ഫലദായകമായി വിനിയോഗിക്കുവാൻ സാധ്യമാക്കുന്ന പ്രത്യാശാനുഭവത്തിലേക്ക് നമ്മുടെ മക്കൾ കടന്നിരിക്കുന്നു. യോഗ്യതാപരീക്ഷകളിൽ വലിയ മികവ് പ്രകടിപ്പിക്കുമ്പോഴും, സ്വന്തം സമൂഹത്തിൽതന്നെ ഉൾപ്പെട്ട, തങ്ങളേക്കാൾ വളരെ പിന്നിലായ അനേകർക്ക്, സംവരണാനുകൂല്യത്തിന്റെ അഭാവംകൊണ്ട്, വഴിമാറി കൊടുക്കേണ്ട ദയനീയ അവസ്ഥയ്ക്ക് മാറ്റം വന്നിരിക്കുന്നു. സാമൂഹ്യനീതിയുടെ പ്രത്യാശാഭരിതമായ പുനഃസ്ഥാപനം ആണിത്.

ഈ തീരുമാനത്തിന് സഭാജീവിതാധിഷ്ഠിതമായ ചില അർത്ഥതലങ്ങളുമുണ്ട്. അഭ്യസ്തവിദ്യരായ, യഥാർത്ഥ മലങ്കര കത്തോലിക്കാസഭാംഗങ്ങളായ പലരും അവരുടെ ദയനീയമായ ജീവിത പരിമിതികളുടെ സമ്മർദ്ദംകൊണ്ട്, സംവരണാനുകൂല്യത്തിന് വേണ്ടി, അതുവഴി, ഒരു പഠന, ജോലി സാധ്യതയ്ക്ക് വേണ്ടി, സഭ വിട്ടുപോകുവാനുള്ള പ്രലോഭനത്തിന് വിധേയരായിരുന്നു. ഇതിനെ പ്രോത്സാഹിപ്പിക്കുന്ന ഒരു സമീപനം പലയിടങ്ങളിലും ഉണ്ടായിരുന്നു എന്നുള്ളത് നിർഭാഗ്യകരമായ ഒരു അവസ്ഥാവിശേഷം ആയിരുന്നു. പലപ്പോഴും ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നിസ്സഹായരായി നോക്കിനിൽക്കുവാൻ മാത്രമേ നമുക്ക് സാധിക്കുമായിരുന്നുള്ളൂ. ഈയൊരു സ്ഥിതി, ഒരു ഭദ്രാസനം എന്ന തലത്തിലുള്ള നമ്മുടെ നിലനിൽപ്പിനുതന്നെ ഭീഷണിയായിരുന്നു. ഇപ്പോഴത്തെ ഈ തീരുമാനംവഴി ഈ അവസ്ഥയ്ക്ക് സത്താപരമായ മാറ്റം വന്നിരിക്കുന്നു എന്നതാണ് നമ്മുടെ സന്തോഷം. അതുപോലെതന്നെ മലങ്കര കത്തോലിക്കാസഭയുടെ സവിശേഷമായ മിഷൻചൈതന്യത്തിൻറെ, അഭിമാനാർഹമായ മിഷൻ നേട്ടങ്ങളുടെ, കലവറയായ ഈ തെക്കൻ പ്രദേശങ്ങളിൽ പ്രേക്ഷിത ശുശ്രൂഷയ്ക്കുള്ള നമ്മുടെ സാധ്യതകൾപോലും ഈ നീതിനിഷേധം ഒരു പരിധിവരെ നമുക്ക് നിരസിച്ചിരുന്നു. സമഗ്രമായ വിശ്വാസജീവിതം സാമൂഹികമായ സുസ്ഥിതിയും ഉൾക്കൊള്ളേണ്ടതാണല്ലോ. നമ്മുടെ വിശ്വാസിസമൂഹത്തിൻറെ സാമൂഹികമായ സുസ്ഥിതിയും സമഗ്രതയും, സംഘാതമായി നാം നൽകേണ്ട വിശ്വാസസാക്ഷ്യത്തിൻറെ അടിസ്ഥാന ഘടകങ്ങളാണ്. ഇപ്പോഴത്തെ ഈ സർക്കാർതീരുമാനം നമ്മുടെ പ്രേക്ഷിതസാധ്യതയെയും ത്വരിതപ്പെടുയിരിക്കുന്നു.

ഈയൊരു തീരുമാനത്തിൻറെ സദ്ഫലം ഏറ്റവും അധികം ലഭിക്കുന്നത് പാറശാല ഭദ്രാസനത്തിലെ വിശ്വാസിസമൂഹത്തിനാണല്ലോ. ഭദ്രാസനസംസ്ഥാപനം മുതൽ ദൈവം ഈ വിശ്വാസകുടുംബത്തെ കരുതുന്ന അനന്തമായ സ്നേഹപരിപാലനയുടെ ശ്രേഷ്ഠമായ ഒരു അടയാളമായി കൂടി ഇതിനെ മനസ്സിലാക്കണം. ഈ ഭദ്രാസനത്തിലെ ബഹുഭൂരിപക്ഷം വിശ്വാസികളും ഈ സർക്കാർതീരുമാനത്തിൻറെ ഗുണഭോക്താക്കളാണ്. ഭദ്രാസനവും ഭദ്രാസനാംഗങ്ങളും കടന്നുപോകുന്ന നിരവധിയായ പരിമിതികളെ അതിജീവിക്കുവാൻ നമ്മെ ശക്തരാക്കുന്ന വളർച്ചാസാധ്യതയും പ്രത്യാശയും ആണ് ഈ തീരുമാനംവഴി നമുക്ക് കരഗതമായിരിക്കുന്നത്. ഇത് നമ്മുടെ വരുംതലമുറകളെ സാമൂഹികമായി ഉദ്ധരിക്കുവാൻ സഹായിക്കുന്ന ഒരു വലിയ സാധ്യതയായി മാറുന്നു. ഈ സർക്കാർതലതീരുമാനം നമ്മുടെ സമൂഹത്തിന് സമ്മാനിക്കുന്ന ദൂരവ്യാപകമായ നന്മകളെകുറിച്ച് ചുരുക്കം ചില ഇടങ്ങളിൽ നിന്ന് ഉയരുന്ന സന്ദേഹങ്ങൾ അടിസ്ഥാനരഹിതമാണ് എന്ന് പ്രത്യേകം ഓർമിക്കുക.

ഇത്തരുണത്തിൽ, സംവരണാനുകൂല്യം നമുക്ക് നിഷേധിക്കപ്പെട്ടിരുന്ന അവസരത്തിലും ആഴമുള്ള വിശ്വാസത്തിൻറെയും ഉദാത്തമായ സഭാസ്നേഹത്തിൻറെയും പിൻബലത്തിൽ, സംവരണാനുകൂല്യം അനുഭവിച്ചിരുന്ന കൂട്ടായ്മകളിലേക്ക് ചേക്കേറുവാനുള്ള ശക്തമായ പ്രലോഭനത്തെ ത്യാഗോജ്ജ്വലമായി പ്രതിരോധിച്ച് അതിനായി നിരവധി സഹനങ്ങളും നഷ്ടങ്ങളും സസന്തോഷം ഏറ്റുവാങ്ങിയ ബഹുഭൂരിപക്ഷം വരുന്ന നമ്മുടെ ഭദ്രാസനാംഗങ്ങളെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ക്രിസ്തീയവിശ്വാസം നേട്ടങ്ങൾക്കു വേണ്ടിയുള്ള നെട്ടോട്ടമല്ല,

പിന്നെയോ നിത്യതയ്ക്ക് വേണ്ടിയുള്ള നഷ്ടപ്പെടുത്തലാണ് എന്ന അടിസ്ഥാന പാഠത്തിൻറെ ശക്തമായ സാക്ഷ്യമായിരുന്നു നിങ്ങളുടെ ജീവിതവും നിലപാടുകളും.

സംവരണാനുകൂല്യത്തിൻറെ ഈ ലഭ്യത, നമ്മെ സാമൂഹികമായും വിശ്വാസപരമായും സഭാപരമായും കൂടുതൽ ഉത്തരവാദിത്വബോധം ഉള്ളവരായി മാറ്റണം. ഈ സാധ്യതയുടെ വിനിയോഗം തികഞ്ഞ കർത്തവ്യബോധത്തോടും സാമൂഹികാവബോധത്തോടും സഭാത്മകമായ സമർപ്പണബോധത്തോടും നിറവേറ്റുവാൻ നമുക്ക് സാധിക്കണം. വ്യക്തിപരമായ സ്വാർത്ഥതാല്പര്യങ്ങളും ക്രിസ്തീയമല്ലാത്ത മത്സരമനോഭാവങ്ങളും വാഗ്വാദങ്ങളും വിശാലമായ ഈ സാധ്യതയുടെ നന്മകൾ നഷ്ടപ്പെടുത്താതിരിക്കാൻ നാം ജാഗ്രത പുലർത്തണം. ലഭിക്കുന്നതിൽ കൂടുതൽ നൽകുവാനുള്ള ഉദാരതയാണ് സുവിശേഷത്തിൻറെ സൗന്ദര്യം. ദൈവാനുഗ്രഹത്തിൻറെ നന്മകൾ ധാരാളമായി നമ്മുടെ ജീവിതത്തെ തഴുകുമ്പോൾ പരിശുദ്ധ അമ്മയെപ്പോലെ കൂടുതൽ വിനയാന്വിതരായി ശിരസ്സ് നമിക്കുവാൻ നമുക്ക് സാധിക്കണം. അതോടൊപ്പം സംവരണാനുകൂല്യം നൽകുന്ന ഭൗതികജീവിതോദ്ധാരണത്തിൻറെ സാധ്യതകൾക്കപ്പുറം, ദ്രവ്യാഗ്രഹത്തിൻറെ ഭീഷണികൾക്കപ്പുറം, നമ്മുടെ വിശ്വാസം ആവശ്യപ്പെടുന്ന ആത്മീയ സമർപ്പണവും സാക്ഷ്യവും കൂടുതൽ ഓജസ്സ് ഉള്ളതാക്കുവാൻ, നിത്യതയുടെ അടയാളങ്ങൾ നമ്മുടെ ജീവിതത്തിൽ നിരന്തരം ശക്തമായി പ്രതിഫലിപ്പിക്കുവാൻ ഇപ്രകാരമുള്ള അവസരങ്ങൾ നമ്മെ പ്രചോദിതരാക്കണം.

ഈ സംവരണാനുകൂല്യലഭ്യത നമ്മുടെ അജപാലനശുശ്രൂഷാശൈലിയിൽ നാം അവലംബിക്കേണ്ട ചില നിഷ്ഠകളെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ്. സംവരണാനുകൂല്യം നൽകുന്ന ഭൗതികനേട്ടങ്ങളുടെ ശക്തമായ പ്രലോഭനം പുറത്തുനിന്ന് ഉണ്ടായിരുന്നിട്ടും നമ്മുടെ ബഹുഭൂരിപക്ഷം വിശ്വാസികളും നമ്മുടെ വിശ്വാസകൂട്ടായ്മയോട് ശക്തമായി ചേർന്നുനിന്നത്, പ്രധാനമായും ഈ പ്രദേശങ്ങളിലെ നമ്മുടെ മിഷൻസമർപ്പണത്തിൻറെആദ്യനാൾമുതൽ നാം അവലംബിച്ചുപോന്ന സവിശേഷമായ അജപാലനശുശ്രൂഷാശൈലിയുടെ പ്രത്യേകതകൊണ്ടാണ്. നമ്മുടെ അനേകം വൈദികരുടെയും സന്യസ്തരുടെയും അല്മായപ്രേക്ഷിതനേതാക്കളുടെയും ഉപദേശിമാരുടെയും ത്യാഗോജ്വലമായ പ്രേഷിതസമർപ്പണത്തിൻറെ ഫലമായാണ് ഈ പ്രദേശത്ത് ഇത്ര ശക്തമായ വിശ്വാസസാക്ഷ്യം നൽകുന്ന ഒരു സമൂഹം രൂപപ്പെട്ടത്. ഒരുപക്ഷേ കാലത്തിൻറെ കുത്തൊഴുക്കിൽ, സമകാലീന ഉപഭോഗസംസ്കാരത്തിൻറെ സ്വാധീനത്തിൽ, നമ്മുടെ അജപാലന ശുശ്രൂഷാശൈലിയിൽ മതിയായ സമർപ്പണത്തിൻറെയും ത്യാഗത്തിൻറെയും ബോധ്യങ്ങളുടെയും ഒക്കെ കുറവ് സംഭവിച്ചിട്ടുണ്ട് എങ്കിൽ, അതു പരിഹരിക്കുവാനുള്ള ആത്മാർത്ഥമായ ശ്രമങ്ങളുടെ ആഹ്വാനവും ഇത്തരുണത്തിൽ നാം ഉൾക്കൊള്ളണം. കൂടുതൽ സജീവമായ, ത്യാഗഭരിതമായ, സമർപ്പണബോധമുള്ള ഒരു അജപാലനശുശ്രൂഷാശൈലി, നമ്മുടെ സഭയുടെ അടിസ്ഥാന സ്വഭാവത്തിൻറെ ഭാഗമായ പ്രേഷിതസമർപ്പണത്തെയും അതുവഴി നമ്മുടെ മിഷൻസാധ്യതകളെയും ത്വരിതപെടുത്തും.

സംവരണാനുകൂല്യത്തിന്റെ നല്ല സാധ്യതകൾ നമ്മുടെ സാമൂഹ്യജീവിതത്തിനും സഭാജീവിതത്തിനും കൂടുതൽ ചൈതന്യം പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പരിശുദ്ധ ദൈവമാതാവിൻറെയും വിശുദ്ധ മദർ തെരേസയുടെയും സാന്നിധ്യവും സംരക്ഷണവും നമ്മോടൊപ്പം ആയിരിക്കട്ടെ.

സസ്നേഹം,

+ തോമസ് മാർ യൗസേബിയോസ്
പാറശാല രൂപതാധ്യക്ഷൻ

---

ഈ സർക്കുലർ ഫെബ്രുവരി പതിനാലാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.